6074
21/3/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-വനം വകുപ്പിൽ ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും ,12 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടേയും തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്)വകുപ്പ്

**സ.ഉ.(കൈ)/12/2017/വനം** തിരുവനന്തപുരം,തീയതി, 20/03/2017

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 05/12/2016-ലെ ഡബ്ല്യു.എൽ2-28986/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ മൃഗസംരക്ഷണത്തിനായി നിലവിൽ 4 ഡോക്ടർമാർ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുവെന്നും,ഇവരുടെ സേവനം കൊണ്ട് മാത്രം മൃഗസംരക്ഷണം സാദ്ധ്യമല്ലെന്നും ആയതിനാൽ നിലവിലുള്ള 4 ഡോക്ടർമാർക്ക് പുറമേ മൃഗസംരക്ഷണ വകുപ്പിൽ നിന്നും വെറ്ററിനറി സർജൻ തസ്തികയിലുള്ള 7 ഡോക്ടർമാരെ കൂടി ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിനായി 7 തസ്തികകൾ കൂടി സൃഷ്ടിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആവശ്യപ്പെട്ടിരുന്നു.ഈ വിഷയം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവരുമായി വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചർച്ച ചെയ്തു.

2 നിലവിലുള്ള മൃഗഡോക്ടർമാരുടെ സേവനം കൊണ്ട് മാത്രം സംസ്ഥാനത്തെ വനത്തിനുള്ളിലുള്ള വന്യമൃഗങ്ങളുടെയും, നാട്ടാനകളുടെയും പരിപാലനം അസാധ്യമാണെന്നും, കൂടാതെ വനത്തിനുള്ളിൽ വച്ച് മരണപ്പെടുന്ന വന്യമൃഗങ്ങളുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്യൽ, വനത്തിനുള്ളിലെ മൃഗങ്ങൾക്ക് രോഗപ്രതിരോധ സംവിധാനം ഏർപ്പെടുത്തുക എന്നിവ നിലവിലുള്ള മൃഗഡോക്ടർമാരുടെ സേവനം കൊണ്ട് മാത്രം നിർവ്വഹിക്കാൻ കഴിയാത്തതിനാൽ ആവശ്യത്തിന് അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ,ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും ആയതിനാൽ മൃഗസംരക്ഷണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ കേഡറിൽ വനം വകുപ്പാസ്ഥാനത്ത് ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ തസ്തികയും 12 ജില്ലകളിലായി വെറ്ററിനറി സർജൻ കേഡറിൽ 12 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ തസ്തികയും സൃഷ്ടിക്കണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 14 ജില്ലകളിലായി വന്യമൃഗങ്ങളാൽ സമ്പന്നമായ ഏകദേശം 11308 സ്ക്വയർ

കിലോമീറ്റർ വനഭൂമിയുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ ആന സംരക്ഷണ കേന്ദ്രങ്ങളിലായി 600-ഓളം നാട്ടാനകളുണ്ട്. ഇവയ്ക്ക് ആരോഗ്യകരമായ സംരക്ഷണം സർക്കാരിൽ നിക്ഷിപ്തമാണ്.മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങളും, ആവശ്യത്തിന് മൃഗഡോക്ടർമാരില്ലാത്തതിനാൽ ചികിത്സ ലഭ്യമാകാതെ വന്യമൃഗങ്ങളും ആനകുട്ടികളും മരണപ്പെടുന്നതും നിത്യസംഭവങ്ങളാണ്.വന്യമൃഗങ്ങളുടെയും, നാട്ടാനകളുടെയും പരിപാലനം ,വനത്തിനുള്ളിൽ വച്ച് മരണപ്പെടുന്ന വന്യമൃഗങ്ങളുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്യൽ, രോഗപ്രതിരോധ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവ നിലവിലുള്ള കേവലം 4 ഡോക്ടർമാരുടെ സേവനം കൊണ്ട് മാത്രം നിർവ്വഹിക്കാൻ കഴിയാത്തതിനാൽ വന്യജീവി പരിപാലനത്തിനും മൃഗചികിത്സക്കുമായി വനം വകുപ്പിൽ സുസജ്ജമായ ഒരു മൃഗചികിത്സാ സംവിധാനം അനിവാര്യമാണെന്നും, ആയതിലേക്ക് വനം വകുപ്പിൽ കൂടുതൽ മൃഗഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുമായി മൃഗഡോക്ടർമാരുടെ കൂടുതൽ തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും സർക്കാരിന് ബോദ്ധ്യപ്പെട്ടു.

4. മേൽ സാഹചര്യത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയ്ക്ക് തുല്യമായി 45,800-89,000/-രൂപ ശമ്പളസ്കെയിലിൽ ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ തസ്തികയും, 12 ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ തസ്തികയ്ക്ക് തുല്യമായി 39,500-83,000/-രൂപ ശമ്പളസ്കെയിലിൽ 12 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ തസ്തികയും സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.ഇപ്രകാരം സൃഷ്ടിക്കുന്ന തസ്തികകളിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.മാര പാണ്ഡ്യൻ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ,തിരുവനന്തപുരം.

ഡയറക്ടർ,മൃഗസംരക്ഷണ വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ്.-( Agri-A2/2/2017/Fin dated 20/03/2017)

പൊതുഭരണ (എസ്.സി) വകുപ്പ്.ഇനം.നമ്പർ.815 തീയതി:15/03/2017.

ഡയറക്ടർ,വിവരപൊതുജനസമ്പർക്ക വകുപ്പ്.(വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

Sajeev

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 264/F2/16/F&WLD |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ ഒരു ചീഫ് വെറ്റിനറി സർജന്റെ തസ്തികയും 12 അസിസ്റ്റന്റ് വെറ്റിനറി സർജന്റെ തസ്തികയും സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09/03/17 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജി. അനിൽ കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പി. മാരപാണ്ഡ്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13/03/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13/03/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14/03/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14/03/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ഒരു ചീഫ് വെറ്റിനറി സർജന്റെ തസ്തികയും 12 അസിസ്റ്റന്റ് വെറ്റിനറി സർജന്റെ തസ്തികയും സൃഷ്ടിക്കണമെന്ന നിർദ്ദേശമാണ് ഈ കുറിപ്പിന് ആധാരം.

2. നിലവിൽ മൃഗസംരക്ഷണത്തിനായി 4 ഡോക്ടർമാർ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വനം വകുപ്പിൽ ജോലി നോക്കി വരുന്നുണ്ട്. വന്യമൃഗങ്ങളും, മനുഷ്യരും തമ്മിലുള്ള സംഘർഷാവസ്ഥയും, ആന ക്യാമ്പുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതും മരണപ്പെടുന്ന വന്യമൃഗങ്ങളുടെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യൽ, വനത്തിനുള്ളിലെ മൃഗങ്ങൾക്ക് രോഗപ്രതിരോധ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേയ്ക്കുമായി മൃഗസംരക്ഷണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ വനം വകുപ്പ് ആസ്ഥാനത്ത് 45800-89000/- രൂപ ശമ്പള സ്കെയിലിൽ ഒരു ചീഫ് ഫോറസ്റ്റ് വെറ്റിനറി സർജന്റെ തസ്തികയും, 12 ജില്ലകളിലായി 39500-83000/-രൂപ ശമ്പള സ്കെയിലിൽ 12 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി സർജന്റെ തസ്തികയും സൃഷ്ടിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം തസ്തിക സൃഷ്ടിക്കുന്നതിന് 70 ലക്ഷം രൂപ അധികമായി ചെലവാകുമെന്നും അറിയിച്ചിട്ടുണ്ട്.

3. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"സംസ്ഥാനത്തെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് 70 ലക്ഷം രൂപ സാമ്പത്തിക ബാധ്യതവരുത്തുന്ന ഭരണവകുപ്പ് ശുപാർശ അംഗീകരിക്കാനാകില്ല. ആയതിനാൽ പുനർവിന്യാസ സാദ്ധ്യതകളെ കുറിച്ച് പരിശോധിച്ച് അഭിപ്രായസഹിതം ഫയൽ സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു. "

4. വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷാവസ്ഥ കൂടി വരുന്ന സാഹചര്യത്തിൽ ആവശ്യമായ വെറ്ററിനറി ഡോക്ടർമാരുടെ സേവനം വനം വകുപ്പിൽ ഇപ്പോൾ ലഭ്യമല്ല. കൂടാതെ മനുഷ്യരുടെ സുരക്ഷ ഉറപ്പാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യവുമാണ്. ആയതിനാൽ വനം വകുപ്പിൽ പുതുതായി വെറ്ററിനറി ഡോക്ടർമാരുടെ തസ്തികകൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറി കടന്നുകൊണ്ട് സൃഷ്ടിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു.. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറി കടന്നുകൊണ്ട് വനം വകുപ്പ് ആസ്ഥാനത്ത് 45800-89000/- രൂപ ശമ്പള സ്കെയിലിൽ ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി സർജന്റെ തസ്തികയും , 39500-83000/-രൂപ ശമ്പള സ്കെയിലിൽ 12 ജില്ലാ ആസ്ഥാനങ്ങളിലായി 12 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി സർജൻമാരുടേയും തസ്തികകൾ സൃഷ്ടിക്കാമോ?

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 15-03-2017.**

Action Today

ASI
Draft G.O to be shown to F.D. before issue

to
17/3/17

ഫയൽ നം.264/എഫ്2/2016/ F&WLD

ഇനം നം: 815

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ ഒരു ചീഫ് വെറ്റിനറി സർജന്റെ തസ്തികയും 12 അസിസ്റ്റന്റ് വെറ്റിനറി സർജന്റെ തസ്തികയും സൃഷ്ടിക്കുന്നത്.

തീരുമാനം : മൃഗസംരക്ഷണ വകുപ്പിൽ നിന്നും അന്യത്രസേവന (deputation) വ്യവസ്ഥയിലൂടെ വേണം തസ്തികകൾ നികത്തേണ്ടത് എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.